കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ/എം.പി.എം.16/227/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി.11-05-2020

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം .

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : നന്നംമുക്ക് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 3 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

പകർപ്പ് :
1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.എം.പി.എം.16/227/2020 തിയ്യതി: 11-05-2020

## മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.07.2018 മുതൽ 17.01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കൽ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് എജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ആർ.അജിത്. , ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 18.01.2020 മുതൽ 29.01.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | ശ്രീ.പ്രസാദ്.പി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അബ്ദുൾറഷീദ് എം.പി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.റിഷിൽ. പി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുജിത | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ടി സത്യൻ | 01.04.2018 മുതൽ 31.03.2019വരെ |
| സെക്രട്ടറി | ശ്രീ.രാജൻ. കെ. കെ | 01.04.2018മുതൽ 21.03.2019 വരെ |
| | ശ്രീ.മണികണ്ഠൻ(ഇൻചാർജ്) | 22.03.2019മുതൽ 31.03.2019 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മണികണ്ഠൻ | 01.04.18-31.03.19 |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.മനോജ്.കെ. | 01.04.18-31.03.19 |
| കൃഷി ഓഫീസർ | ശ്രീമതി. ബിന്ദു.കെ.കെ. | 01.04.18-13.08.19 |
| | ശ്രീമതി. വൃന്ദ.കെ | 14.08..18-31.03.19 |
| ICDS സൂപ്പർവൈസർ | ശ്രീമതി സൗദാബി.കെ. | 01.04.18 – 17.07.18 |
| | ശ്രീമതി ഭാഗ്യം.കെ.എം. | 18.07.18 – 31.03.19 |
| വി.ഇ.ഒ | ശ്രീമതി ലിജിത.കെ | 01.04.18 – 12.07.18 |
| | ഒഴിവ് | 13.07.18 – 29.08.18 |
| | ശ്രീ രജീഷ്.പി. | 30.08.18 – 23.10.18 |
| | ശ്രീ അബ്ദുൾ ജലീൽ | 24.10.18 – 31.03.19 |
| പ്രധാനാധ്യാപിക | ശ്രീമതി സീമന്തിനി.എം.കെ. | 01.04.18-31.03.19 |
| വെറ്ററിനറി സർജ്ജൻ | ശ്രീമതി സ്മിജിഷ.എ | 01.04.18-31.03.19 |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.സുരേഷ്.ഇ.ടി. | 01.04.18-19.04.18 |
| | ഡോ.ഇർഷാദ് റഹ്മാൻ | 20.04.18-28.06.18 |
| | ഡോ.സിൻസി | 29.06.18-31.03.19 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ശ്രീ.ഹരി.ടി. | 01.04.18-31.03.19 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.പ്രസന്നകുമാരി | 01.04.18-31.03.19 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ ഷാജിത്ത്.കെ. | 01.04.18-31.03.19 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |

| | | |
|---|---|---|
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ. | 1-11 |
| 12 | ഡി.ആന്റ് ഒ ലൈസൻസിലെ അപാകതകൾ | 1-12 |
| 13 | ഡെപ്പോസിറ്റ് വർക്കുകൾ - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-13 |
| 14 | ഭിന്ന ശേഷി സഹായ ഉപകരണങ്ങൾ പൂർണ്ണമായും വിതരണം ചെയ്തില്ല | 1-14 |
| 15 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം - അപാകത | 1-15 |
| 16 | GST കോംപെൻസേഷൻ ഉൾപ്പെടുത്തി കരാറുകാരന് അധികം തുക നൽകി. | 1-16 |
| 17 | GLPS മൂക്കുതല-അഡീഷണൽ ക്ലാസ്സ് റൂം നിർമ്മാണം -ഫൈനൽ ബിൽ തയ്യാറാക്കിയതിലെ അപാകത | 1-17 |
| 18 | വനിത വ്യവസായ പാർക്ക് കെട്ടിട നിർമ്മാണം - പാർട്ട് ബിൽ നൽകിയ പ്രവൃത്തി നിശ്ചലാവസ്ഥയിൽ | 1-18 |
| 19 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ് - മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കുന്നില്ല. | 1-19 |
| 20 | കൃഷി ഓഫീസർ നടത്തിയ പദ്ധതിയിലെ അപാകതകൾ | 1-20 |
| 21 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ വിശദ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല-413759/-രൂപ തടസ്സം ചെയ്യുന്നു. | 1-21 |
| 22 | മുൻകൂർ തുക നൽകിയതിന്റെ മരുന്നുകൾ ലഭ്യമല്ല-375000/-രൂപ തടസ്സം ചെയ്യുന്നു. | 1-22 |
| 23 | പാലിയേറ്റീവ് വാഹനം വാടകക്ക് എടുക്കൽ – അപാകതകൾ . | 1-23 |
| 24 | മോട്ടോറുകൾ മാറ്റി വെക്കൽ പഴയ സാമഗ്രികളുടെ ഡിസ്പോസൽ വിവരങ്ങൾ ലഭ്യമല്ല. ചെലവു തുക തടസ്സം ചെയ്യുന്നു. | 1-24 |
| 25 | തെരുവ് വിളക്ക് റിപ്പയർ- അപാകതകൾ | 1-25 |
| 26 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന, രശീതി ഹാജരാക്കിയില്ല. | 1-26 |
| 27 | അംഗനവാടി നിർമ്മാണത്തിന് തുക നൽകിയത് -പ്രവർത്തി പൂർത്തീകരിച്ചില്ല. | 1-27 |
| | ഭാഗം 2<br>വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല | |
| | ഭാഗം 3<br>ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 28 | തെരുവ് വിളക്ക് റിപ്പയർ- അപാകതകൾ | 3-1 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 29 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 30 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| | | |

| | | |
|---|---|---|
| 31 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 35 | ഓഡിറ്റ് റിക്കവറി | 4-7 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 39 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 41 | Audited Abstract | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| 2018-19 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./ തിയ്യതി | ( പുതുക്കിയത് ) തീരുമാന നമ്പർ./ തിയ്യതി |
|---|---|
| 01(1)/ 26.03.2018 | 1(1)/ 26.03.2019 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2019 | 11.07.2019 | ഇല്ല | ഇല്ല |

## 1-3 സാമ്പത്തിക വിശകലനം

ധനകാര്യപത്രിക (AFS പ്രകാരമുള്ള വിവരങ്ങൾ)

| ഇനം | വർഷം 2018-19 |
|---|---|
| മുന്നിരിപ്പ് | 6396705 |
| വരവ് | 87445409 |
| ആകെ | 93842114 |
| ചെലവ് | 77144470 |
| നീക്കിയിരിപ്പ് | 16697644 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14053000 | 14053000 | 14053000 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7212000 | 7212000 | 6852502 | 359498 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9246000 | 9246000 | 9246000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2953000 | 2953000 | 2797903 | 155097 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8361993 | 8361993 | 6522000 | 1839993 |
| സാക്ഷരത | 87537 | 3091 | 90628 | 0 | 90628 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | |
| ഐ സി ഡി എസ് | 1825440 | 743450 | 2568890 | 1000000 | 1568890 |
| ടോട്ടൽ സാനിറ്റേഷൻ കാംപയിൻ | 1651743 | 0 | 1651743 | 0 | 1651743 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 46284 | 751000 | 797284 | 170000 | 627284 |
| എസ് എസ് എ | 1200563 | 34227 | 1234790 | 1182411 | 52379 |
| എം പി ലാഡ്സ് | 0 | 876906 | 876906 | 859116 | 17790 |
| കേരളോൽസവം ഗ്രാന്റ് | 5500 | 20000 | 25500 | 0 | 25500 |
| വിമുക്തി | 35400 | 25000 | 60400 | 21500 | 38900 |
| ബി ഫണ്ട് | 0 | 50039980 | 50039980 | 50039980 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 00 | 2550000 | 2550000 | 2356652 | 193348 |
| ജില്ലാ പഞ്ചായത്ത് | 00 | 1991330 | 1991330 | 1991330 | 00 |

## 1-5 പദ്ധതി അവലോകനം.

<u>ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം</u>

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 186 | 96568390 | 140 | 61508228 | 29 | 17 | 75.2 |

<u>പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ</u>

ഇല്ല

# 1-6 തൊഴിലുറപ്പ് പദ്ധതി 2018-19

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4778 | 480668 | 485446 | 466500 | 18946 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (ഇ എഫ് എം എസ്) | 0 | 17516327 | 17516327 | 17516327 | 0 |
| 100 ദിന ഇൻസന്റീവ് | 0 | 139000 | 139000 | 139000 | 0 |
| ആകെ | 4778 | 18135995 | 18140773 | 18121827 | 18946 |

ചെലവ് തുകയിൽ 17516327/- (2246714 + 15269613 = 17516327) 2246714/-രൂപ മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ ചെലവായ തുകയാണ്. ഈ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലെഡ്ജർ ബുക്ക് പ്രകാരം ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ബിൽഡിംഗിൽ ₹.283106/-രൂപയും, റോഡ്സ്-സിമന്റ് കോൺക്രീറ്റിൽ ₹.1963608/-രൂപയും ഉൾപ്പെട്ട തുകയാണ്.

# 1-7 ക്ഷേമ പദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 44880 | 19 |
| കർഷക തൊഴിലാളി വേതനം | 4160400 | 187 |
| വിധവാ പെൻഷൻ | 15790300 | 925 |
| വാർദ്ധക്യകാല പെൻഷൻ | 24151600 | 1930 |
| വികലാംഗ പെൻഷൻ | 4335700 | 279 |
| വിവാഹ ധനസഹായം | 210000 | 7 |
| 50 വയസ്സിനു മുകളിൽ.....സഹായം | 876000 | 70 |
| നെല്ലുല്പാദന ബോണസ് | 471100 | 148 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.01.2020 തിയ്യതിയിൽ (11.30am) സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേ ബുക്ക് പ്രകാരമുള്ള 18754/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ പരിശോധനയിൽ പല രേഖകളുടെയും വിശദാംശങ്ങൾ അപൂർണ്ണമായാണ് ഫയലിൽ കാണുന്നത്.
2. കോൾ പടവുകളിൽ പെട്ടിപറ സ്ഥാപിക്കൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്നതല്ല. എന്നാൽ നന്നമുക്ക് ഗ്രാമ പഞ്ചായത്തിൽ കൃഷി ഓഫീസർ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16/01/2020 | 01/12/2019-31/12/2019 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| എ.ജി ഓഡിറ്റ് | 11/08/2017 | 2012-13 മുതൽ 2016-17 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. 2017-18 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കേഷൻ പ്രകാരമുള്ള അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല.

2. ബാലൻസ് ഷീറ്റിലെ B11a ഷെഡ്യൂളിലെ Capital Work in Progress എന്ന ഹെഡിൽ 5615211/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ രജിസ്റ്റർ പ്രകാരം 5112086/-രൂപയാണ്. വ്യത്യാസത്തിന് കാരണം രേഖപ്പെടുത്തിയിട്ടില്ല.

3. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് മാസത്തെ മുഴുവൻ സ്ഥാവര ജംഗമ ആസ്തികൾ തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സമർപ്പിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. ബാലൻസ് ഷീറ്റിലെ B9 ഷെഡ്യൂളിലെ Other Liabilities എന്ന ഇനത്തിലെ 150000/-രൂപ ഏത് ഇനത്തിലെ തുകയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

5. ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
6. ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിലെ Centrally Sponsored Scheme – Integrated Child Development Scheme (ICDS) എന്ന ഹെഡ്ഡിൽ 1568890/-രൂപ നീക്കിയിരിപ്പുണ്ട്. 3/2017 മുതൽ ലഭ്യമായ തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
7. പണമിടപാടുകൾ നടക്കാത്ത ടി.പി. 35, വി.പി.എഫ്.എ. 1-12 തനത് ഫണ്ട് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

8. സംയുക്ത പ്രോജക്റ്റുകൾക്ക് ചെലവാക്കിയ തുക (ബ്ലോക്ക് പഞ്ചായത്ത്) വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

# 1-12 ഡി.ആന്റ് ഒ ലൈസൻസിലെ അപാകതകൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ രജിസ്റ്ററിലെ 316 അപേക്ഷകൾ പരിശോധിച്ചതിൽ മേൽപറഞ്ഞ പ്രകാരം ഫീസ് നിരക്ക് നിശ്ചയിച്ച് ഈടാക്കിയതായി കാണുന്നില്ല. പുതുക്കിയ നിരക്കിലുള്ള ഫീസ് ഈടാക്കേണ്ടതാണ്.

# 1-13 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

(i) <u>വൈദ്യുത പോസ്റ്റുകൾ മാറ്റി വെക്കൽ .</u>

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിവെക്കുന്നതിന് കെ.എസ്.ഇ.ബിക്ക് പണം നൽകിയിട്ടുണ്ട്.

വൗച്ചർ- 21800139/31.5.18 9962 രൂപ

വൗച്ചർ- 21800308/31.7.18 42812 രൂപ

വൗച്ചർ- 21800309/31.7.18 21115 രൂപ

വൗച്ചർ- 21800709/27.12.18 17085 രൂപ

വൗച്ചർ- 21800781/17.1.19 6051 രൂപ

ചെക്ക്- 2672350/7.6.18 6533 രൂപ

ആകെ 1,03,558 രൂപ.

പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി 4/27.1.2020) ആയത് കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. പൂർത്തീകരണ വിവരം ഹാജരാക്കേണ്ടതാണ്.

(ii) <u>സ്ട്രീറ്റ് മെയിൻ വലിക്കൽ</u>

സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ട് 75/18-19 സ്ട്രീറ്റ് മെയിൻ വലിക്കൽ എന്ന പ്രൊജക്ടിൽ ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ നിന്നും 9,99,920 രൂപ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ ചങ്ങരംകുളത്തിന് നൽകിയിട്ടുണ്ട്. (ട്രഷറിബിൽ നമ്പർ 10/26.7.18) പ്രവൃത്തിയുടെ പൂർത്തീകരണ വിവരം, മൂല്യ നിർണ്ണയ രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 6/27.1.20 ന് കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട് പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതകാണെന്ന്മറുപടി സമർപ്പിച്ചു.രേഖകൾ ലഭ്യമാക്കേണ്ടതാണ്. അതു വരെ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

# 1-14 ഭിന്ന ശേഷി സഹായ ഉപകരണങ്ങൾ പൂർണ്ണമായും

# വിതരണം ചെയ്തില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രൊജക്ട് SO 52/19 ഭിന്ന ശേഷിക്കാർക്ക് ഉപകരണങ്ങൾ എന്ന പ്രൊജക്ടിൽ കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ ലിമിറ്റഡിന് വിവിധ സഹായ ഉപകരണങ്ങളുടെ വിലയായി 3,89,600 രൂപ നൽകിയിട്ടുണ്ട്. (ട്രഷറി ബിൽ 9/4.2.19). ഇൻവോയ്സ് നം. 54/B3/2017/HPWC തീയതി 22-11 -2018 പ്രകാരമുള്ള മുഴുവൻ ഉപകരണങ്ങളും കൈപ്പറ്റിയതായി നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 28 എണ്ണം BTE Channel Free Programmable Hearing Aid ഒഴികെ മറ്റുള്ളവ സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലഭ്യമായവയിൽ Accommodative Footwear 4 എണ്ണം, Endoskeletal BK Prosthesis 1 എണ്ണം, Hand Exercisor 1 എണ്ണം, Dynamic Cockup Splint 1 എണ്ണം, BTE Hearing Aid 25 എണ്ണം എന്നിവയുടെ വിതരണ വിവരം ലഭ്യമല്ല. ഉപകരണങ്ങൾ പൂർണ്ണമായും സ്റ്റോക്കിലെടുത്ത് വിതരണ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/29.1.20 ന് മറുപടി ലഭ്യമായിട്ടില്ല) ഭൗതിക പരിശോധനയിൽ ഉപകരണങ്ങൾ ലഭ്യമായിട്ടുള്ളതായി ബോധ്യപ്പെട്ടു. .

# 1-15 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം - അപാകത

നിർവഹണ ഉദ്യോഗസ്ഥൻ -അസി.സെക്രട്ടറി

2018-19 വർഷത്തേക്ക് ബാധകമായ 14-02-2018-ലെ സ.ഉ(എം.എസ്) 22/18/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ, എയ്ഡഡ്, സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കണം) 30,000 രൂപയിൽ കവിയാത്ത വിലയുള്ള ലാപ്ടോപ്പ് വാങ്ങി നൽകാവുന്നതാണ്. എന്നാൽ പാരലൽ കോളേജിൽ പഠിച്ച് കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ.

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണവുമായി ബന്ധപ്പെട്ട് നിസ്ഡൺ ഇൻഫോ വേ എന്ന സ്ഥാപനത്തിൽ നിന്നും 26318 രൂപ വീതം വിലയുള്ള 22 ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ/ പേര് | ഇൻവോയ്സ് നമ്പർ/ തീയതി | എണ്ണം | വില | തുക നൽകിയ വിവരം | |
|---|---|---|---|---|---|
| | | | | ബിൽ നമ്പർ/ തീയതി | തുക |
| 79/19 SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ | NPMB2C/ 2832/ 11-09-18 | 11 | 289498 | 15/19.9.18 | 289498 |
| SO006/19 SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ | NPMB2C/ 2833/ 11-09-18 | 11 | 289498 | 16/19.9.18 | 289498 |
| ആകെ | | 22 | 578996 | | 578996 |

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

പാരലൽ കോളേജിൽ പഠിച്ച് കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥികൾ പഠിച്ചിരുന്നുവെന്ന് വെള്ള പേപ്പറിൽ തയ്യാറാക്കിയ പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രമാണ് ഹാജരാക്കിയിട്ടുള്ളത്. യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവ് | പഠിക്കുന്ന സ്ഥാപനം | കോഴ്സ് |
|---|---|---|---|
| 1 | അശ്വനി.TM | വള്ളത്തോൾ ആർട്സ് കോളേജ്, എടപ്പാൾ | BA English |
| 2 | ലതീഷ.TK | ക്യാപ്പിറ്റൽ കോളേജ്, എടപ്പാൾ | BA Sociology |
| 3 | സനിക.KS | വള്ളത്തോൾ ആർട്സ് കോളേജ്, എടപ്പാൾ | BA Economics |
| 4 | ജിസ്നിമോൾ.PS | വള്ളത്തോൾ ആർട്സ് കോളേജ്, എടപ്പാൾ | BA Sociology |
| 5 | ശാലിനി.KS | അസ്സബാ ആർട്സ് കോളേജ്, എടപ്പാൾ | BA English |
| 6 | മിഥുൻ മോഹൻ.T | അസ്സബാ ആർട്സ് കോളേജ്, എടപ്പാൾ | Bsc Computer Science |
| 7 | ശ്രേയ .PP | വള്ളത്തോൾ ആർട്സ് കോളേജ്, എടപ്പാൾ | BA Economics |
| 8 | അഞ്ജലി കൃഷ്ണ | പ്രജ്യോതി നികേതൻ കോളേജ്, തൃശ്ശൂർ | Bsc phychology |
| 9 | കൃഷ്ണ പ്രസാദ്.K | വള്ളത്തോൾ ആർട്സ് കോളേജ്, എടപ്പാൾ | BA Economics |
| 10 | വിസമയ.KK | PG Academy,Edappal | BA Sociology |

വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (AUDIT ENQUIRY No.12 /28.1.20) മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 263180 (26318x10) രൂപ തടസ്സം ചെയ്യുന്നു.

## 1-16 GST കോംപെൻസേഷൻ ഉൾപ്പെടുത്തി കരാറുകാരന് അധികം തുക നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ 3% GST Compensation അനുവദിച്ച് മൂല്യ നിർണ്ണയം കണക്കാക്കുകയും കരാറുകരാന് തുക നൽകുകയും ചെയ്തിട്ടുണ്ട്. അധിക നിരക്കിൽ GST കരാറുകാരൻ അടവാക്കിയതിന്റെ രേഖ സമർപ്പിക്കുന്ന മുറക്കേ, കരാറുകാരന് GST Compensation നൽകേണ്ടതുള്ളൂ. എന്നാൽ ഉയർന്ന നിരക്കിൽ GST അടവാക്കിയതായ രേഖകൾ ഉള്ളടക്കം ചെയ്യാതെ മരാമത്ത് പ്രവൃത്തികളിൽ GST Compensation അനുവദിച്ചത് വഴി കരാറുകാർക്ക് അധിക തുക നൽകിയതായി കാണുന്നു. GO(P)87/2017/lsgd dt.01.11.2017 ഉത്തരവിന്റെ പിൻബലത്തിലാണ് ഇപ്രകാരം കോംപൻസേഷൻ അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർക്ക് | പ്രവൃത്തി മൂല്യനിർണയ വിവരം | കരാറുകരന് നൽകാവുന്ന തുക |
|---|---|---|
| 142/19<br>പുളിഞ്ചോട് ലക്ഷം വീട് റോഡ് റീടാറിംഗ്<br>ഫണ്ട് -MGR 124000<br>Rate:DSR 2016.Cl 37.25%<br>കരാറുകരൻ:കെ.ബാലകൃഷ്ണൻ<br>കരാർ: 59/6.2.19<br>അളവ് പുസ്തകം:181/17-18<br>ബിൽ : 64/28.03.2019<br>തുക : 124000 | ആകെ പ്രവൃത്തി മൂല്യം: 120780.75<br>GST Compensation 3623.42<br>Total -124000 (Limited to TS}<br>Deductions<br>Welfare Fund 1240<br>Income tax 1240<br>Net Payment to Contractor 121520 | പ്രവൃത്തി മൂല്യം: 120781<br>Deductions<br>Welfare Fund 1208<br>Income tax 1208<br>Net Payment to Contractor :118365<br>അധികം : 3155 |
| 140/19<br>കോൾക്കടവ് റോഡ് റീടാറിംഗ്<br>ഫണ്ട് -MGR 112000<br>Rate:DSR 2016.Cl 37.25%<br>കരാറുകരൻ:കെ.ബാലകൃഷ്ണൻ<br>കരാർ: 57/6.2.19<br>അളവ് പുസ്തകം:184/2017-18,<br>ബിൽ :67/22.3.19<br>തുക : 116949 | ആകെ പ്രവൃത്തി മൂല്യം: 113542.23<br>GST Compensation 3406.27<br>Total 116949<br>Deductions<br>Welfare Fund 1169<br>Income tax 1169<br>Net Payment to Contractor :114611 | പ്രവൃത്തി മൂല്യം:113542<br>Deductions<br>Welfare Fund 1135<br>Income tax 1135<br>Net Payment to Contractor : 111272<br>അധികം :3339 |
| 139/19<br>അമയിൽ അറബിക് കോളേജ് പുന്നക്കൽ താഴം റോഡ് റീടാറിംഗ്<br>ഫണ്ട് -MGR 220000<br>Rate:DSR 2016.Cl 37.25%<br>കരാറുകരൻ:കെ.ബാലകൃഷ്ണൻ<br>കരാർ: 56/6.2.19<br>അളവ് പുസ്തകം:185/2017-18,<br>ബിൽ :65/22.3.19<br>തുക : 203414 | ആകെ പ്രവൃത്തി മൂല്യം: 197488.91<br>GST Compensation 5924.67<br>Total 203414<br>Deductions<br>Welfare Fund 2034<br>Income tax 2034<br>Net Payment to Contractor :199346 | പ്രവൃത്തി മൂല്യം:197489<br>Deductions<br>Welfare Fund 1975<br>Income tax 1975<br>Net Payment to Contractor : 193539<br>അധികം :5807 |
| ആകെ അധികം | | 12301 |

മേൽ പരാമർശിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു കരാറുകരന് മാത്രമായി കോംപൻസേഷൻ നൽകിയതായിട്ടാണ് വ്യക്തമാവുന്നത്. പഞ്ചായത്തിലെ മറ്റ് പ്രവൃത്തികൾക്ക് നൽകിയിട്ടും ഇല്ല. അധിക നിരക്കിൽ മേൽ പ്രവൃത്തികൾക്ക് കരാറുകരൻ GST അടവാക്കിയ രേഖ ഹാജരാക്കേണ്ടതാണ്. ജി.എസ്.ടി കോംപൻസേഷൻ നൽകുന്നത് സംബന്ധിച്ച DB3-9058/17/CE/ത.സ്വ.ഭ.വ. തിയതി 27/11/17 നമ്പർ സർക്കുലറിൽ കരാറുകാരൻ അടച്ച തുക സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് ഉറപ്പാക്കി അടച്ച തുകയുടെ രേഖ പരിശോധിച്ചാണ് കോമ്പൻസേഷൻ നൽകേണ്ടത് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ചെയ്തതിന്റെ രേഖ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (AUDIT ENQUIRY No.9 /28.1.20)

## 1-17 GLPS മൂക്കുതല-അഡീഷണൽ ക്ലാസ്സ് റൂം നിർമ്മാണം -ഫൈനൽ ബിൽ തയ്യാറാക്കിയതിലെ അപാകത

നിർവഹണ ഉദ്യോഗസ്ഥർ - അസി.എഞ്ചിനീയർ

പ്രോജക്റ്റ് നം - 161/19

എം. ബുക്ക് - 130/17-18

കരാർ - 46/22.12.17 (Estimate rate)

മൂല്യനിർണ്ണയം - 838343.90

ചെലവ് - 796427/-

ചെക്ക് നം. - 2672960/19.3.19 – 225724

ചെക്ക് നം. 2672924/7.1.19 – 288978

ചെക്ക് നം. 2672904/26.11.18 – 262108

ചെക്ക് നം. 2672905/26.11.18 – 5349

ചെക്ക് നം. 772731/7.1.19 – 14268

കൺവീനർ - സീമന്തിനി. MK

TS-860005

പ്രവൃത്തിയുടെ യഥാർത്ഥ മൂല്യനിർണ്ണയം 838343.90 രൂപയാണ്. എന്നാൽ ഓരോ പാർട്ട് ബില്ല് കണക്കാക്കിയപ്പോഴും മൂല്യനിർണ്ണയത്തിൽ നിന്നും വാറ്റ് പ്രൊവിഷൻ 5% കുറവ് ചെയ്താണ് മൂല്യനിർണ്ണയം കണക്കാക്കിയിരിക്കുന്നത്. ഈ തുകയിൽ നിന്നുമാണ് ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം എന്നിവ കുറച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ

| ഫൈനൽ ബിൽ അനുവദിച്ചത് | | ഫൈനൽ ബിൽ അനുവദിക്കാവുന്നത് | |
|---|---|---|---|
| മൂല്യനിർണ്ണയം | 838343.90 | മൂല്യനിർണ്ണയം | 838343.90 |
| (-) VAT provision (5%) | 41917.2 | (-) VAT provision (5%) | 41917.2 |
| | 796427 | | 796427 |
| IT | 7964 | IT | 8383 |
| KCWWF | 7964 | KCWWF | 8383 |
| | 780499 | | 779661 |

കൺവീനർക്ക് അധികം നൽകിയത് 838 രൂപ

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.(AUDIT ENQUIRY No.11 /28.1.20)

കൺവീനർക്ക് അധികം നൽകിയ 838 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-18 വനിത വ്യവസായ പാർക്ക് കെട്ടിട നിർമ്മാണം - പാർട്ട് ബിൽ നൽകിയ പ്രവൃത്തി നിശ്ചലാവസ്ഥയിൽ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിന്റെ 6ാം വാർഡിൽ വനിതകളുടെ ഉന്നമനത്തിനും തൊഴിൽ പരിശീലനത്തിനുമായി ഒരു കെട്ടിടം സ്ഥാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. 11,00,000 രൂപ അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ച് 13.9.18 ന് പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്. കെട്ടിടത്തിന് വേണ്ടി കരിങ്കൽ തറക്ക് മുകളിൽ സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് ഭിത്തികെട്ടി റൂഫ് കോൺക്രീററ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്ലാസ്റ്ററിംഗ്, വൈറ്റ് സിമെന്റ് വാഷിംഗ്, ടോയ്ലറ്റ് ഫിനിഷിംഗ് എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 67747 രൂപയുടെ പ്രവൃത്തി ചെയ്തതിനുശേഷം പ്രവൃത്തി നിശ്ചലാവസ്ഥയിലാണ്. പ്രവൃത്തിക്ക് 2018-19 വർഷത്തിൽ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല. പാർട്ട് ബിൽ നൽകിയതിന് ശേഷം പ്രവൃത്തികളൊന്നും നടന്നതായി അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തിയിട്ടില്ല.

| പ്രൊജക്ടിന്റെ പേരും വിശദാംശങ്ങളും | പാർട്ട് ബിൽ നൽകിയതിന്റെ വിവരം | പാർട്ട് ബിൽ നൽകിയ തുക<br>ബിൽ നമ്പർ/ തിയതി | അവസാനമായി അളവെടുത്ത തിയതി |
|---|---|---|---|
| വനിത വ്യവസായ പാർക്ക് കെട്ടിട നിർമ്മാണം<br>പ്രൊജക്ട് നമ്പർ- 111/19<br>TS- 1100000<br>കരാറുകാരൻ- ശ്രീ. TV.ഷാജേഷ്<br>കരാർ - 53/12.9.18<br>MB – 163/17-18 | പ്രവൃത്തിയുടെ ആകെ മൂല്യം- 67747<br>(-) IT- 677<br>WF-677<br>കരാറുകാരന് - 66393 | 67747 രൂപ<br>52/20-3-2019 | 24-11-2018 |

പ്രവൃത്തി നിശ്ചലാവസ്ഥയിൽ ആയതിന് കാരണവും തുടർ നടപടി വിവരവും അറിയിക്കേണ്ടതാണ് എന്നറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No.10 /28.1.20) മറുപടിയായി സമീപവാസികൾ പ്രവൃത്തി നിർത്തി വെക്കാനാവശ്യപ്പെട്ട് കേസ് ഫയൽ ചെയ്തതിനാലാണെന്നും സ്റ്റേ വെക്കേറ്റ് ചെയ്യുന്ന മുറക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതാണ് എന്നും മറുപടി നൽകി. പ്രവൃത്തിക്ക്

വേണ്ടി ചെലവഴിച്ച 67747 രൂപ പാഴ്ച്ചെലവായി മാറി. തുടർ നടപടി വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-19 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ് - മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കുന്നില്ല.

2018-19 വർഷത്തിൽ അംഗീകാരം ലഭിച്ച ഭൂരിപക്ഷം മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും അതിൽ കുറവ് അടങ്കലുള്ളവ മാന്വൽ ടെണ്ടറും ആയാണ് ടെണ്ടർ ചെയ്തത്. എന്നാൽ മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ എല്ലാ പ്രവൃത്തികളിലും രണ്ടോ അല്ലെങ്കിൽ മൂന്നോ കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. രണ്ട് പേർ പങ്കെടുക്കുന്ന ടെണ്ടറിൽ എല്ലാ പ്രവൃത്തികളിലും ഒരാൾ എസ്റ്റിമേറ്റ് നിരക്കും മറ്റെയാൾ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്യുന്നു. മൂന്ന് പേർ പങ്കെടുക്കുന്ന ടെണ്ടറിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കും മറ്റ് രണ്ട് പേർ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്യുന്നു. ടെണ്ടർ ചെയ്ത എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് കരാർ വെച്ച് നടപ്പാക്കിയിട്ടുള്ളത്.

2018-19 വർഷം ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ടെണ്ടർ തീയ്യതി | ആകെ ടെണ്ടർ ചെയ്ത പ്രവൃത്തികൾ | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | 0 | 1 | 2 | 3 |
| 17-7-2018 | 55 | ഇല്ല | ഇല്ല | 54 | 1 |
| 31-1-2019 | 16 | ഇല്ല | ഇല്ല | 16 | ഇല്ല |

ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ക്വോട്ട് ചെയ്ത നിരക്കുകളും ലഭിച്ച ടെണ്ടറുകളുടെ എണ്ണവും പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുകയും ഗ്രാമ പഞ്ചായത്തിന് നഷ്ടം വരുത്തുന്ന പ്രവണത തടയേണ്ടതുമാണ്.

ആവശ്യത്തിന് മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നതിന് വികസന/ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റികളുടെ സമയോചിത ഇടപെടൽ ഉണ്ടാവേണ്ടതാണ്. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-20 കൃഷി ഓഫീസർ നടത്തിയ പദ്ധതിയിലെ അപാകതകൾ

1-പൊതു അപാകതകൾ

1. കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പല പദ്ധതികളുടേയും വിശദ വിവരങ്ങൾ ഫയലിൽ ഇല്ല.

2.പല ഗുണഭോക്താക്കളുടേയും അപേക്ഷകളിൽ പൂർണ്ണ വിവരങ്ങൾ ഇല്ല.

3.നിർവ്വഹണം നടത്തിയ പദ്ധതികൾ ഫലപ്രാപ്തിയിൽ എത്തിയോ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പാടശേഖര സമിതികൾക്ക് പെട്ടി പറ, പമ്പ് സെറ്റ് വിതരണം ചെയ്തു-500000/-രൂപ തടസ്സം ചെയ്യുന്നു.

പാടശേഖര സമിതികൾക്ക് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി പെട്ടിപ്പറ, പമ്പ് സെറ്റ് എന്നിവ നല്കുന്നതിലൂടെ നെൽകൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും ആകർഷകമാക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. പദ്ധതിയെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പെട്ടി പറ, പമ്പ് സെറ്റ് വിതരണം |
| പ്രോജക്റ്റ് നം. | 78/19 |
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| ആകെ അടങ്കൽ | 500000/- |
| ചെലവഴിച്ച തുക | 500000/-<br>Try.Bill No. II-5/11.10.2018 |

മേൽ പ്രോജക്ട് പ്രകാരം പെട്ടി പറ, പമ്പ് സെറ്റ് വാങ്ങുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് 500000/-രൂപ നല്കി. ആയതിന്റെ വിവരങ്ങൾ താഴെ നല്കുന്നു.

| Sl.No. | Discription of Goods | Invoice No. | Date | Amount |
|---|---|---|---|---|
| 01 | Panel Board<br>(മോട്ടോറുകൾക്ക് വേണ്ടി) | W-021/18-19 | 09.07.2018 | 48000 |
| 02 | Kirloskar 5HP Pumpset<br>നീലയിൽ കോൾപടവ് കമ്മിറ്റിയ്ക്ക് നല്കി | W-020/18-19 | 09.07.2018 | 49000 |
| 03 | Kirloskar 10HP Pumpset<br>പഴഞ്ഞി കോൾപടവ് കമ്മിറ്റിയ്ക്ക് നല്കി | W-018/18-19 | 09.07.2018 | 130000 |
| 04 | Kirloskar 30HP Pumpset<br>കോലോത്തുപടവ് കോൾപടവ് കമ്മിറ്റിയ്ക്ക് നല്കി | W-019/18-19 | 09.07.2018 | 273000 |
| Total | | | | 500000 |

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-18) പുതുക്കിയ മാർഗ്ഗരേഖയും, സബ്സിഡി മാർഗ്ഗരേഖയും പ്രകാരം പെട്ടി പറ, പമ്പ് സെറ്റ് വാങ്ങുന്നതിനായി പ്രോജക്ട് തയ്യാറാക്കേണ്ടതും അവ നിർവ്വഹിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്താണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗ്രാമ പഞ്ചായത്ത് പ്രൊജക്റ്റ് ഏറ്റെടുത്തു നടപ്പാക്കി; പെട്ടി പറ, പമ്പ് സെറ്റ് കോൾപടവ് കമ്മിറ്റികൾക്ക് വിതരണം ചെയ്തതിനാൽ ചെലവു തുക 500000/-രൂപ തടസ്സം ചെയ്യുന്നു.

## 1-21 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിശദ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല-413750/-രൂപ തടസ്സം ചെയ്യുന്നു.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളെ സംബന്ധിച്ച വരവു ചെലവു കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|---|
| 01 | 178/19 | തെങ്ങിന് ജൈവവളം (വികസന ഫണ്ട്) | 78490<br>വികസന ഫണ്ട് |
| 02 | 179/19 | ജൈവ പച്ചക്കറിയ്ക്ക് കൂലിചെലവ് സബ്സിഡി (വികസന ഫണ്ട്) | 150000<br>വികസന ഫണ്ട് |
| 03 | 180/19 | പച്ചക്കറിയ്ക്ക് ഗ്രോബാഗ് അനുബന്ധ ഘടകങ്ങളും<br>(100000/- ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കി)<br>(വികസന ഫണ്ട്) | 200000<br>വികസന ഫണ്ട് |
| 04 | 181/19 | കോൾപടവുകളിൽ പെട്ടിപറ സ്ഥാപിക്കൽ ധനകാര്യ കമ്മീഷൻ അവാർഡ് | 85260<br>ധനകാര്യ കമ്മീഷൻ അവാർഡ് |
| | | ആകെ | 413750/- |

പ്രോജക്ട് നം.180/19 പച്ചക്കറിയ്ക്ക് ഗ്രോബാഗും അനുബന്ധ ഘടകങ്ങളും എന്ന പദ്ധതി നിർവ്വഹണം നടത്തിയത് ശ്രീമതി ബിന്ദു.കെ.കെ., ശ്രീമതി വൃന്ദ.കെ. എന്നീ അഗ്രികൾച്ചറൽ ഓഫീസർമാരാണ്. ചങ്ങരംകുളം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് വഴിയാണ് ഗ്രോബാഗും അനുബന്ധ ഘടകങ്ങളും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത്. ഗ്രോബാഗും അനുബന്ധ ഘടകങ്ങളും വിതരണം ചെയ്തതിന് ശ്രീമതി വൃന്ദ.കെ. അഗ്രികൾച്ചറൽ ഓഫീസർ ട്രഷറിയിൽ നിന്നും 100000/-രൂപ (Treasury Bill No. 9 dated 28.02.2019) പിൻവലിച്ച് ചങ്ങരംകുളം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന് നല്കിയ തുകയുടെ രേഖകൾ ഹാജരാക്കുകയുണ്ടായി. എന്നാൽ ശ്രീമതി ബിന്ദു.കെ.കെ. കൃഷി ഓഫീസർ ട്രഷറിയിൽ നിന്നും പിൻവലിച്ച 100000/-രൂപ (Treasury Bill No. 1 dated 28.02.2019)യുടെ രേഖകൾ ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ ശ്രീമതി ബിന്ദു.കെ.കെ.അഗ്രികൾച്ചറൽ ഓഫീസർ ചെലവു ചെയ്ത 100000/-രൂപ തടസ്സപ്പെടുത്തുന്നു.

മേൽ പറയുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ 28.01.2020നുള്ളിൽ ഓഡിറ്റിന് ഹാജരാക്കണമെന്ന് അറിയിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.1 തിയ്യതി 24.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ വിവിധ പദ്ധതികളുടെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ആകെ ചെലവു ചെയ്ത 413750/-രൂപ ( 78490 + 150000 + 100000 + 85260 = 413750/-) തടസ്സം ചെയ്യുന്നു.

# 1-22 മുൻകൂർ തുക നല്കിയതിന്റെ മരുന്നുകൾ ലഭ്യമല്ല- 375000/-രൂപ തടസ്സം ചെയ്യുന്നു.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണം നടത്തിയ പദ്ധതിയാണിത്. പ്രോജക്ട് നം. 54/2018-19 പ്രകാരം പരിരക്ഷാ പദ്ധതിക്കായി 837650/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ ട്രഷറി ബിൽ നം. 05/2018-19 തിയ്യതി 15.11.18 പ്രകാരം 375000/-രൂപ മരുന്നുകൾ വാങ്ങുന്നതിനായി പ്രഫോർമ്മ ഇൻവോയ്സ് നം. 2073 തിയ്യതി 02.11.18 പ്രകാരം K.M.S.C.L ന് നല്കിയിട്ടുണ്ട്. മരുന്നുകൾ ഇതുവരേയും ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി നം.2/27-01-2020 ന് മറുപടി ലഭിച്ചിട്ടില്ല.മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# 1-23 പാലിയേറ്റീവ് വാഹനം വാടകക്ക് എടുക്കൽ - അപാകതകൾ .

സ.ഉ.(സാധാ)നം.3217/2015/ത.സ്വ.ഭ.വ തിയതി.29.10.15 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ ഖണ്ഡിക 2.6.5ൽ ക്രമ നമ്പർ 3 പ്രകാരം വാഹനം വാടകക്ക് എടുക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വാഹനം വാടകക്ക് എടുക്കേണ്ടതും ആയത് പി.എം.സി അംഗീകരിക്കേണ്ടതുമാണ്. ക്വട്ടേഷന്റെ കാലാവധി ആറ് മാസമായിരിക്കുന്നതും കാലാവധി തീരുന്നതിന് മുൻപ് പുതിയ ക്വട്ടേഷൻ നടത്തേണ്ടതുമാണ്. മാർഗ്ഗരേഖയിൽ രാവിലെ ഹോംകെയർ ആരംഭിക്കുന്നത് മുതൽ വൈകുന്നേരം അവസാനിക്കുന്നത് വരെ ഒരു ദിവസത്തേക്ക് ചുവടെ ചേർത്ത പ്രകാരമുള്ള പരമാവധി വാടകയും നിർദ്ദേശിച്ചിട്ടുണ്ട്.

| ഓടുന്ന ദൂരം (Up&Down) | 15 – 24 കി.മീ | 25 – 34 കി.മീ | 35 – 44 കി.മീ | 45 കി.മീ കൂടുതൽ |
|---|---|---|---|---|
| പരമാവധി തുക | 800 രൂപ | 900 രൂപ | 1000 രൂപ | 1100 രൂപ |

എന്നാൽ 2018-19ൽ പരിരക്ഷ പദ്ധതിക്കായി ഓടിയ വാഹനം ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെയാണ് വാടകക്കെടുത്തത്. മാർഗ്ഗരേഖ പ്രകാരമുള്ള വാടക നിരക്കുകൾ പരിഗണിക്കാതെ ഒരു ദിവസത്തേക്ക് 900രൂപ നിരക്കിൽ വാടക നൽകുകയാണ് ചെയ്തത്. വാഹനം വാടകയ്ക്ക് എടുക്കുന്നതിന് സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

# 1-24 മോട്ടോറുകൾ മാറ്റി വെക്കൽ പഴയ സാമഗ്രികളുടെ ഡിസ്പോസൽ വിവരങ്ങൾ ലഭ്യമല്ല. ചെലവു തുക തടസ്സം ചെയ്യുന്നു.

താഴെ പറയുന്ന പ്രവത്തികളിൽ പഴയ സാമഗ്രികളുടെ ഡിസ്പോസൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. വൗച്ചർ- 21800651 / 6.12.18 – 10,000രൂപ പ്രളയം മൂലം കേടു വന്ന പിടാവന്നൂർ സബ് സെന്റർ ഇലക്ട്രിക് മോട്ടോർ മാറ്റി വെച്ചതിന് വീണ എം.കെ, ജെ.പി.എച്ച്.എന്നിന് നൽകിയത്.

തേത്തയിൽ എന്റർ പ്രൈസസ്, വെളിയങ്കോട് എന്ന സ്ഥാപനത്തിൽ നിന്നും 12980 രൂപയ്ക്ക് മോട്ടോർ, അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങിയതിനും, ലേബർ ചാർജ് എന്നിവ നൽകിയതിന് ഒരു ബിൽ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. വാങ്ങിയ മോട്ടോറിന്റെ സ്പെസിഫിക്കേഷൻ, ലേബർ ചാർജ് നൽകിയതിന്റെ വിശദാംശം എന്നിവ വ്യക്തമാക്കിയിട്ടില്ല. വാങ്ങിയ സാധനങ്ങളുടെ ജി.എസ്.ടി ബിൽ ഹാജരാക്കിയിട്ടില്ല. അതുപോലെ പഴയ മോട്ടോർ എന്തു ചെയ്തു എന്നതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

2. വൗച്ചർ- 21800676 / 17.12.18 – 10,000രൂപ ,

ജി.എം.എൽ.പി സ്കൂൾ വടക്കുമുറിക്ക് പമ്പ് സെറ്റും വാട്ടർ ടാങ്കും വാങ്ങിയതിന് ഹെഡ്മിസ്ട്രസിന് നൽകിയത്. പഴയ മോട്ടോർ ഉപയോഗ ശൂന്യമായതിനാൽ പണം അനുവദിക്കണമെന്ന അപേക്ഷ പ്രകാരമാണ് നൽകിയത്. പഴയ മോട്ടോർ എങ്ങനെ ഡിസ്പോസ് ചെയ്തു എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി 5/27.1.20) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. മറുപടി ലഭ്യമാക്കുന്നതു വരെ ചെലവ് തുക 20,000 രൂപ തടസ്സം ചെയ്യുന്നു.

# 1-25 തെരുവ് വിളക്ക് റിപ്പയർ- അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ട് SO 60/19 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ എന്ന പ്രൊജക്ടിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടർ മുഖേന ഏറ്റവും കുറഞ്ഞ നിരക്കായ നികുതികൾ അടക്കം ഒന്നിന് 698 രൂപ രേഖപ്പെടുത്തിയ പവർ എക്സൽ ഇലക്ട്രിക് കമ്പനി, ചങ്ങരംകുളം എന്ന സ്ഥാപനത്തിന് ടെണ്ടർ അനുവദിച്ചു. ഗ്രാമ പഞ്ചായത്തിലെ 1267 തെരുവ് വിളക്കുകളാണ് റിപ്പയർ ചെയ്യുന്നതിന് ഏൽപ്പിച്ചത്. എന്നാൽ 13.8.18 ലെ ഇൻവോയ്സ് പ്രകാരം 738 എണ്ണം, ഇൻവോയ്സ് 223/13.11.18 പ്രകാരം 550 എണ്ണം എന്നിങ്ങനെ ആകെ 1288 തെരുവ് വിളക്കുകൾക്ക് റിപ്പയറിംഗ് ചാർജ്ജ് ആയി ആകെ 8,99,024 രൂപ അനുവദിച്ചിട്ടുണ്ട്. ആകെ 1267 എണ്ണം മാത്രം റിപ്പയർ ചെയ്യാൻ മാത്രമാണ് കരാർ. കൂടുതലായി അനുവദിച്ച 21 എണ്ണത്തിന്റെ റിപ്പയർ ചെലവ് 21*698 = 14658 രൂപ തിരികെ ഈടാക്കേണ്ടതാണ്. (ട്രഷറി ബിൽ 13/30.8.18 – 515124 രൂപ,ട്രഷറി ബിൽ 21/15.11.18 – 3,83,900 രൂപ, ആകെ 8,99,024 രൂപ).

2. ആകെയുള്ള തെരുവ് വിളക്കുകളുടെ എണ്ണം, റിപ്പയർ ചെയ്ത തെരുവ് വിളക്കുകളുടെ പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാർഡ് മെമ്പർമാർ തങ്ങളുടെ വാർഡിൽ ആകെ റിപ്പയർ ചെയ്ത തെരുവ് വിളക്കുകളുടെ എണ്ണം എത്രയെന്ന് പ്രസ്താവിക്കുന്ന കത്ത് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ബിൽ തുക അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. പോസ്റ്റ് നമ്പർ, സ്ഥാനം എന്നിവ വ്യക്തമാക്കാത്തതിനാൽ വിളക്കുകളുടെ എണ്ണത്തിലെ ഇരട്ടിപ്പ് സാധ്യത ഉൾപ്പെടെയുള്ള അപാകതകൾ മനസ്സിലാക്കാൻ സാധ്യമല്ല. തെരുവു വിളക്ക് റിപ്പയർ പരാതി പുസ്തകം സൂക്ഷിക്കുന്നില്ല.

3. കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കിയിട്ടില്ല.

നൽകിയ അധിക തുക തിരികെ ഈടാക്കുകയും അപാകതകൾ പരിഹരിക്കുകയും ചെയ്ത് അറിയിക്കേണ്ടതാണ്.

( അന്വേഷണക്കുറിപ്പ് നമ്പർ 14/29.1.20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

# 1-26 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന, രശീതി ഹാജരാക്കിയില്ല.

ജി.ഒ (ആർ.ടി) 2310/18 ത.സ്വ.ഭ.വ23.8.18 ഉത്തരവിലെ നിർദ്ദേശ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിനായി ചെക്ക് നമ്പർ 590596/14.9.18 പ്രകാരം 4,87,530 രൂപ പിൻവലിച്ചിട്ടുണ്ട്. ചെക്ക് കൈപ്പറ്റിയതായി പൊന്നാനി തഹസിൽദാറുടെ അക്നോളഡ്ജ്മെന്റ് ഉണ്ട്. സംഭാവന കൈപ്പറ്റിയതായ സർക്കാരിന്റെ ഔദ്യോഗിക രശീതി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. (വൗച്ചർ 21800445 /14.9.18 -3,00,000 രൂപ, (ഗ്രാമ പഞ്ചായത്ത് വിഹിതം) വൗച്ചർ 21800447 /14.9.18 - 1,87.530 രൂപ). (സംഭാവന)

ഔദ്യോഗിക രശീതി സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 8/27.1.20 ന് മറുപടിയായി സെക്രട്ടറി അറിയിച്ചു. ആയത് ഹാജരാക്കേണ്ടതാണ്.

## 1-27 അംഗനവാടി നിർമ്മാണത്തിന് തുക നൽകിയത് -പ്രവൃത്തി പൂർത്തീകരിച്ചില്ല.

പ്രൊജക്റ്റ് SO 86/19 അംഗനവാടി നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് വിഹിതമായി 2,70,000 രൂപ MGNREGS സംസ്ഥാന മിഷന് നൽകിയിട്ടുണ്ട് (ട്രഷറി ബിൽ 25/29.11.18). എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി 3/27.1.20) പ്രസ്തുത പ്രവൃത്തി നടന്നു വരുന്നതായും പൂർത്തീകരിക്കുന്ന മുറക്ക് സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഇല്ല.

-

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 തെരുവ് വിളക്ക് റിപ്പയർ- അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് SO 60/19 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ എന്ന പ്രൊജക്റ്റിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടർ മുഖേന ഏറ്റവും കുറഞ്ഞ നിരക്കായ നികുതികൾ അടക്കം ഒന്നിന് 698 രൂപ രേഖപ്പെടുത്തിയ പവർ എക്സൽ ഇലക്ട്രിക് കമ്പനി, ചങ്ങരംകുളം എന്ന സ്ഥാപനത്തിനാണ് ടെണ്ടർ അനുവദിച്ച് ഗ്രാമ പഞ്ചായത്തിലെ 1267 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് ഏൽപ്പിച്ചത്. എന്നാൽ 13.8.18 ലെ ഇൻവോയ്സ് പ്രകാരം 738 എണ്ണം, ഇൻവോയ്സ് 223/13.11.18 പ്രകാരം 550 എണ്ണം എന്നിങ്ങനെ ആകെ 1288 തെരുവ് വിളക്കുകൾക്ക് റിപ്പയറിംഗ് ചാർജ്ജ് ആയി ആകെ 8,99,024 രൂപ അനുവദിച്ചിട്ടുണ്ട്. ആകെ 1267 എണ്ണം മാത്രം റിപ്പയർ ചെയ്യാൻ മാത്രമാണ് കരാർ. കൂടുതലായി അനുവദിച്ച 21 എണ്ണത്തിന്റെ റിപ്പയർ ചെലവ് 21*698 = 14658 രൂപ തിരികെ ഈടാക്കേണ്ടതാണ്.

(ട്രഷറി ബിൽ 13/30.8.18 – 515124 രൂപ,ട്രഷറി ബിൽ 21/15.11.18 – 3,83,900 രൂപ, ആകെ 8,99,024 രൂപ).

2. ആകെയുള്ള തെരുവ് വിളക്കുകളുടെ എണ്ണം, റിപ്പയർ ചെയ്ത തെരുവ് വിളക്കുകളുടെ പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാർഡ് മെമ്പർമാർ തങ്ങളുടെ വാർഡിൽ ആകെ റിപ്പയർ ചെയ്ത തെരുവ് വിളക്കുകളുടെ എണ്ണം എത്രയെന്ന് പ്രസ്താവിക്കുന്ന കത്ത് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ബിൽ തുക അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. പോസ്റ്റ് നമ്പർ, സ്ഥാനം എന്നിവ വ്യക്തമാക്കാത്തതിനാൽ വിളക്കുകളുടെ എണ്ണത്തിലെ ഇരട്ടിപ്പ് സാധ്യത ഉൾപ്പെടെയുള്ള അപാകതകൾ മനസ്സിലാക്കാൻ സാധ്യമല്ല.

3. കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കിയിട്ടില്ല.

4. എഗ്രിമെന്റ് പ്രകാരം 1.10.2018ന് ശേഷമുള്ള രണ്ടര ലക്ഷം രൂപയ്ക്ക് മേൽ അനുവദിക്കുന്ന തുകയുടെ GST 2 % TDS പിടിച്ച് അടവാക്കേണ്ടതുണ്ട്. ആയത് ചെയ്തിട്ടില്ല.

നൽകിയ അധിക തുക തിരികെ ഈടാക്കുകയും അപാകതകൾ പരിഹരിക്കുകയും ചെയ്ത് അറിയിക്കേണ്ടതാണ്.

( അന്വേഷണക്കുറിപ്പ് നമ്പർ 14/29.1.20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം.തിയ്യതി |
|---|---|---|
| 2018-19 | 01.04.2018 മുതിൽ 21.03.2019 വരെ | നം.കെ.എസ്.എ. എം.പി.16/1333/2019 തിയ്യതി 26.08.2019 |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 262503 | 750000 | സമഗ്ര നെൽകൃഷി വികസനം (പ്രോജക്റ്റ് നം.48/19) | 750000 | 655851 |
| | | 300000 | ശുചിത്വ മഹത്വം സുജ്ജീവിതം (പ്രോജക്റ്റ് നം.91/19) | 63781 | |
| | | 300000 | എസ് വിദ്യാർത്ഥി പഠനമുറി. (പ്രോജക്റ്റ് നം.35/19) | 240000 | |
| | | 400000 | പി എച്ച് സ്കോളർഷിപ്പ് (പ്രോജക്റ്റ് നം.9/19) | 248700 | |
| | | 200000 | കാട്ടുപറമ്പ് എസ്.സി. ശ്മശാനം ചുറ്റുമതിൽ (പ്രോജക്റ്റ് നം.200/19) | 200000 | |
| | | 100000 | എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ (പ്രോജക്റ്റ് നം.20/19) | 6689 | |
| | | 500000 | ലൈഫ് പദ്ധതി (പ്രോജക്റ്റ് നം.51/19) | 500000 | |
| ആകെ | 262503 | 2550000 | | 2009170 | 803333 |
| ജില്ലാ പഞ്ചായത്ത് | | 400000 | പി എച്ച് .സ്കോളർഷിപ്പ്(9/19) | 366300 | 433700 |
| | | 400000 | ലൈഫ്പദ്ധതി(പ്രോജക്റ്റ് നം.39/19) | 0 | |
| | | 1191330 | ലൈഫ് പദ്ധതി(പ്രോജക്റ്റ് | 1191330 | |

| | | | | | |
|---|---|---|---|---|---|
| | | | നം51/19) | | |
| ആകെ | | 1991330 | | 1557630 | |

2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ നീക്കിയിരിപ്പ് 4773/-രൂപയാണ്. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ പ്രൊഫോർമ്മ പ്രകാരവും ലെഡ്ജർ പ്രകാരവും മുന്നിരിപ്പ് 262503/-രൂപയാണ്. 2018-19 വാർഷിക പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വരവ് 2550000/-രൂപയാണ്. ചെലവ് പത്രിക പ്രകാരം ആകെ ചെലവ് 2009170/-രൂപയാണ്. എന്നാൽ 2018-19 വാർഷിക ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പ് 655851/-രൂപയാണ്. വ്യത്യാസം 147482/-. മേൽ അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്.

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ 2018-19

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് മെയിന് SO 75 | Trn 18151252002200363654 23.07.2018 | 999920 | 0 | നിർവ്വഹണം നടന്നു വരുന്നു | 999920 |
| കെ എസ് ഇ ബി | ചെറുനെല്ലി ലൈൻ നീട്ടൽ SO 193 | Vr.NO.21800783 DTD.17.1.2019 CHEQUE NO.2672936 | 71263 | 0 | നിർവ്വഹണം നടന്നു വരുന്നു | 71263 |
| എം ജി എൻ ആർ ജി എസ് | അംഗനവാടി നിർമ്മാണം SO 84, 185 | 1)18151252002200859567-270000<br>2)18151252002201441460-60000 | 330000 | 0 | പൂർത്തീകരിച്ചു. | 33000 |

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിവെക്കുന്നതിന് കെ.എസ്.ഇ.ബിക്ക് പണം നൽകിയിട്ടുണ്ട്.

വൗച്ചർ- 21800139/31.5.18 9962 രൂപ

വൗച്ചർ- 21800308/31.7.18 42812 രൂപ

വൗച്ചർ- 21800309/31.7.18 21115 രൂപ

വൗച്ചർ- 21800709/27.12.18 17085 രൂപ

വൗച്ചർ- 21800781/17.1.19 6051 രൂപ

ചെക്ക്- 2672350/7.6.18 6533 രൂപ

ആകെ 1,03,558 രൂപ.

പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കാണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി 4/27.1.2020) ആയത് കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. പൂർത്തീകരണ വിവരം ഹാജരാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് 2018-19

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് പദ്ധതി (കെ യു ആർ ഡി എഫ് സി) | 100/2018/ എൽ.എസ്.ജി.ഡി തിയ്യതി 03.07.18, 111/2018/ എൽ.എസ്.ജി.ഡി തിയ്യതി 13.08.18.18, | 9780000 | 0 | 0 | 0 | 9780000 |

## 4-6 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2003-04 | 3.15 | 2090 | ഉണ്ണികൃഷ്ണൻ (സെക്രട്ടറി) | 118020100061/ 06/04/2018 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-മുതൽ 2001-02 വരെ സ്പെഷ്യൽ റിപ്പോർട്ട് | 2 | 2003-04 | 3.10.2.1 | ധനാപഹരണ നഷ്ടം: 36218.46 രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | 12 | 2003-04 | 3.10.2.4 | ട്രാക്ടർ വാടക ഈടാക്കിയില്ല. നഷ്ടം-114240/- | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | 18 | 2003-04 | 3.10.2.5 | പൂർത്തിയാക്കിയ പ്രവൃത്തിക്ക് തുക വീണ്ടും ചെലവഴിച്ചു. നഷ്ടം-151115 | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | 52 | 2003-04 | 3.10.2.3 | ദിനവേതന നിയമനം -ഉത്തരവ് പാലിച്ചില്ല. | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | 69 | 2003-04 | 3.10.2.2 | മെതിയന്ത്രം വാങ്ങിയത് പാഴ് ചെലവ് - നഷ്ടം 101882 രൂപ. | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | -- | 2003-04 | 3.10.2.6 | ചെലവ് രേഖകൾ ഇല്ല. | പരാമർശം നിലനിൽക്കുന്നു. |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം | ചാർജ് /സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1997-98 to 2001-02 | 47 | കെ.വി വിന്ധ്യൻ സെക്രട്ടറി | LF6068/Spl cell/Sc5/05/5.1.09 | 2400 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | 2400 | തുടർ നടപടി വിവരം ലഭ്യമല്ല |
| 97-98 to 2001-02 | " | കെ.വി വിന്ധ്യൻ സെക്രട്ടറി | LF 6068/ Spl.cell/ SC5/05 16.10.08/ 24.10.08 | 114240 | | | | | | 114240 | തുടർ നടപടി വിവരം ലഭ്യമല്ല |
| 97-98 to 2001-02 | 70(2) 73(5) 73(7) 86(1) (2)100(1) 101(2), 103(3) 107(2) 108, 130 | കെ.വി വിന്ധ്യൻ സെക്രട്ടറി | LF 6068/ Spl.cell/ SC5/05 16.10.08/ 24.10.08 | 67294 | | | | | | 67294 | തുടർ നടപടി വിവരം ലഭ്യമല്ല- |
| 1997-98 to 2001- | 86(1), 100(1), | കെ.വി വിന്ധ്യൻ സെക്രട്ടറി | KSA 14518/ Sp. Cell/SC/D1/12 | 25520 | 22520 | | | | 22520 | 3000 | WP(C) 13888/09 10-12-15 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 02 | 108 & 130 | | Dt. 31.03.15 | | (Rt 11604102510 /6.8.16) | | | | | | നമ്പർ കേസിലെ വിധിപ്രകാരം സ്വീകരിച്ച സർചാർജ് നടപടിയുടെ അടിസ്ഥാനത്തിൽ നടപ്പാക്കിയത് |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 93842114 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77144470 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14658 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2639597 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 14658 | ശ്രീ. രാജൻ.കെ.കെ, സെക്രട്ടറി |

സി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 263180 | ശ്രീ. മണികണ്ഠൻ.ടി, അസി.സെക്രട്ടറി |
| 1-18 | 67747 | ശ്രീ. മനോജ്.KK, അസി.എഞ്ചിനീയർ |
| 1-20 | 500000 | ശ്രീമതി. ബിന്ദു.കെ.കെ., കൃഷി ഓഫീസർ |
| 1-2 | 413750 | ശ്രീമതി.ബിന്ദു.കെ.കെ., കൃഷി ഓഫീസർ |
| 1-22 | 375000 | ഡോ. സിൻസി.കെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-24 | 20,000 | ശ്രീ. രാജൻ, സെക്രട്ടറി |
| 1-13 (ii) | 9,99,920 | ശ്രീ. രാജൻ, സെക്രട്ടറി |
| ആകെ | 2639597 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(എഫ് )<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മണികണ്ഠൻ.ടി, അസി.സെക്രട്ടറി | സെക്രട്ടറി | പാണക്കാട്ട് വീട്, പെരുമ്പടപ്പ്.പി.ഒ |
| രാജൻ.കെ.കെ,സെക്രട്ടറി | സെക്രട്ടറി, വെളിയങ്കോട്ഗ്രാമ പഞ്ചായത്ത് | കല്ലേപറമ്പിൽ വീട്, കോക്കൂര് (പി.ഒ) മലപ്പുറം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.14/890/01 തിയ്യതി: 06.07.2002 | 9 | |
| 1997-98 മുതൽ 2001-02 വരെ (സ്പെഷ്യൽ റിപ്പോർട്ട്) | എൽ.എഫ്.എം.4/1128/03 തിയ്യതി: 03.01.2004 | 88 | |
| 2002-03 | എൽ.എഫ്.എം.15/2299/08 തിയ്യതി: 29.5.2009 | 4 | |
| 2003-04 | എൽ.എഫ്.എം.15/930/11 തിയ്യതി: 22.03.2012 | 26 | |
| 2004-05 | എൽ.എഫ്.എം.15/930/11 തിയ്യതി: 22.03.2012 | 21 | |
| 2005-06 | എൽ.എഫ്.എം.15/790/2010 തിയ്യതി: 10.07.2012 | 6 | |
| 2006-07 | എൽ.എഫ്.എം.15/791/10 തിയ്യതി: 20.06.2012 | 13 | |
| 2007-08 | എൽ.എഫ്.എം.18/669/2011 തിയ്യതി: 18.02.2012 | 18 | |
| 2008-09 | എൽ.എഫ്.എം.18/669/2011 തിയ്യതി: 25.12.2012 | 7 | |
| 2009-10 2010-11 | എൽ.എഫ്.എം.24/247/14 തിയ്യതി: 05.12.2014 | 10 | |
| 2011-12, 2012-13 | എൽ.എഫ്.എം.24/2163/14 തിയ്യതി: 23-09-2016 | 25 | |
| 2013-14,2014-15 | നം .കെ.എസ്.എ.എം.പി.എം.24/1924/2016 തീയ്യതി 05/08/2016 | 13 | |
| 2015-16 | കെ.എസ്.എ.എം.പി.എം.24/54/2017 തീയതി.07.02.2017 | 25 | |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.16/2219/2017 തീയതി.13.11.2017 | 17 | |
| 2017-18 | നം.കെ.എസ്.എ.എം.പി.എം.16/1283/2018 തീയതി.03.07.18 | 8 | |

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം

# അനുബന്ധം -1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.16/1333/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 26/08/2019

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നന്നംമുക്ക് ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹയ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

# അനുബന്ധം-2 Audited Abstract

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |